**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2874** **24-02-2026 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പദ്ധതിയുടെ കേന്ദ്ര വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിലെ കേന്ദ്രസർക്കാർ ബജറ്റിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ബജറ്റ് വിഹിതമായി സംസ്ഥാനത്തിന് വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ ബജറ്റിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ബജറ്റ് വിഹിതമായി സംസ്ഥാനത്തിന് 1949.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ ബജറ്റ് വിഹിതം സംബന്ധിച്ച അറിയിപ്പ് ഒന്നും തന്നെ നാളിതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത വിഹിതത്തിൽ കേന്ദ്രസർക്കാർ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ഇനി അനുവദിക്കാനുള്ള തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2024-25 സാമ്പത്തികവർഷം – 974.68 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. എന്നാൽ പദ്ധതി യുടെ മാനദണ്ഡങ്ങൾ മുഴുവൻ പാലിച്ചിട്ടും കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകേണ്ട രണ്ടാമത്തെ ഗഡുവായ 974.68 കോടി രൂപ ലഭ്യമായിട്ടില്ല. മാത്രമല്ല കേന്ദ്ര സർക്കാരിൽ നിന്ന് തത്തുല്യ വിഹിതം ലഭ്യമാകുമെന്ന ഉറപ്പിന്മേൽ സംസ്ഥാന സർക്കാർ രണ്ടാം ഗഡു ഇനത്തിൽ 500 കോടി രൂപ മുൻകൂർ സംസ്ഥാന വിഹിതമായിട്ടും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ തതുല്യ വിഹിതവും ലഭ്യമായിട്ടില്ല.<br><br>2025-26 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ ബജറ്റ് വിഹിതം സംബന്ധിച്ച അറിയിപ്പ് ഒന്നും തന്നെ നാളിതുവരെ ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത വർഷങ്ങളിൽ കേന്ദ്രം ബജറ്റ് വിഹിതം പൂർണമായും അനുവദിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ? | (സി) | 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ മുഴുവൻ പാലിച്ചിട്ടും കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകേണ്ട രണ്ടാമത്തെ ഗഡുവായ 974.68 കോടി രൂപ ലഭ്യമായിട്ടില്ല. മാത്രമല്ല കേന്ദ്ര സർക്കാരിൽ നിന്ന് തത്തുല്യ വിഹിതം ലഭ്യമാകുമെന്ന ഉറപ്പിന്മേൽ സംസ്ഥാന സർക്കാർ രണ്ടാം ഗഡു ഇനത്തിൽ 500 കോടി രൂപ മുൻകൂർ സംസ്ഥാന വിഹിതമായിട്ടും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ തതുല്യ വിഹിതവും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ